# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7168 | 16.07.2012ൽ മറുപടിയ്ക്ക്

**കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട്, 1986 - ലെ സെക്ഷൻ 31 (10) പ്രകാരം റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്ത തീയതി മുതൽ രണ്ടു വർഷമാണ്. ആയതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി 05.07.2012 - ൽ അവസാനിച്ചു. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനായുള്ള പ്രൊപ്പോസൽ 30.06.2012 - ൽ കൂടിയ സിൻഡിക്കേറ്റിൽ വച്ചിരുന്നെങ്കിലും സമയം അപര്യാപ്തമായതിനാൽ തീരുമാനമാകാതെ മാറ്റി വച്ചിരിക്കുകയാണ്. |
| ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; റാങ്ക് | ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി 82 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരു NonJoiningDuty വേക്കൻസിക്കെതിരെ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഡ്യൂട്ടിക്ക് |

| | | | |
|---|---|---|---|
| | ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ ; | | റിപ്പോർട്ട് ചെയ്യാനുള്ള അവസാന തീയതി 16.07.2012 ആണ്. നിലവിൽ യൂണിവേഴ്സിറ്റിയിൽ വേക്കൻസികൾ ഒന്നും തന്നെ ഇല്ല. ലീവ്/ഡെപ്യൂട്ടേഷൻ വേക്കൻസികൾ ഒൻപതെണ്ണമാണ് ഉള്ളത്. |
| സി | റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ ; | സി | റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ റഗുലർ വേക്കൻസികളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. |
| ഡി | താല്ക്കാലികമായി നിയമിച്ചവരെ പിരിച്ച് വിട്ട് പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി | അത്തരം നടപടികളുടെ സാധ്യത ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ